പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4016

18/10/2011-ൽ മറുപടി
നൽകുന്നത്

പട്ടയം നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്. ബിജിമോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പീരുമേട് താലൂക്കിലെ വാഗമൺ, ഏലപ്പാറ വില്ലേജുകളിൽ പട്ടയം ലഭിച്ചിട്ടും റവന്യൂ അധികാരികൾ ഭൂനികുതി സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇടുക്കി ജില്ലയിലെ വൈദ്യുതി പദ്ധതികൾക്കു വേണ്ടി ഏറ്റെടുത്തതും എന്നാൽ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതി പ്രദേശങ്ങളിലെ കർഷകർക്ക് പട്ടയം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; | (ബി) പെരിഞ്ചാംകുട്ടി, മുത്തങ്കൽ തുടങ്ങിയ കെ.എസ്.ഇ.ബി. ഉപേക്ഷിച്ച ജലവൈദ്യുത പദ്ധതി പ്രദേശത്ത് പട്ടയം കൊടുക്കുന്നതിനുള്ള സർവെ നടപടികൾ പുരോഗമിച്ചുവരികയാണ്. ടി പ്രദേശത്ത് ഏത് ഭൂമിപതിവ് ചട്ടപ്രകാരം പട്ടയം കൊടുക്കും എന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിലെ 10 ചെയിൻ ഏരിയായിൽ ഉൾപ്പെട്ടവർക്ക് പട്ടയമോ, കൈവശരേഖയോ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) 10 ചെയിൻ പ്രദേശത്ത് പട്ടയം കൊടുക്കുന്നത് സംബന്ധിച്ചുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് ബഹു: മുഖ്യമന്ത്രി 12/10/2011ൽ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി ജില്ലയിൽ എത്ര ഉപാധി രഹിതപട്ടയങ്ങൾ നൽകി; ഏതൊക്കെ താലൂക്കുകളിൽ എത്ര എണ്ണം വീതം എന്ന് വ്യക്തമാക്കാമോ; | (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം 2150 ഉപാധിരഹിതപട്ടയങ്ങൾ നൽകി. ഉടുമ്പൻചോല താലൂക്കിൽ 2045, തൊടുപുഴ താലൂക്കിൽ 105 എണ്ണവും ഉപാധിരഹിതപട്ടയങ്ങൾ നൽകി. |
| (ഇ) 10 ചെയിൻ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) 10 ചെയിൻ പ്രദേശത്ത് പട്ടയം കൊടുക്കുന്നത് സംബന്ധിച്ചുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് ബഹു: മുഖ്യമന്ത്രി 12/10/2011ൽ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ